**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KURDFC) - ടൗൺ പ്ലാനറായ ശ്രീമതി. എസ് മീനാകുമാരി അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃ വകുപ്പിൽ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.1572/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 25/07/2019**

പരാമർശം:- 1 സ.ഉ.(സാധാ) നം. 719/2018/ത.സ്വ.ഭ.വ തീയതി 15.03.2018.

2. സ.ഉ. (സാധാ) നം.1190/2018/ത.സ്വ.ഭ.വ തീയതി 26.04.2018.

3. മുഖ്യനഗരാസൂത്രകന്റെ 01.03.2019 ലെ എ 3/5685/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KURDFC) ഓഫീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ ടൗൺ പ്ലാനറായി സേവനമനുഷ്ഠിച്ച വന്നിരുന്ന ശ്രീമതി. എസ് മീനകുമാരി പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം 31.03.2018 ന് ടി കോർപ്പറേഷനിൽ നിന്നും വിടുതൽ ചെയ്ത് അന്നേ ദിവസം തന്നെ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും പരാമർശം 2 പ്രകാരം മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) ന്റെ കാര്യാലയത്തിൽ 30.04.2018 തിയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ആയതിനാൽ 01.04.2018 മുതൽ 29.04.2018 വരെ വകുപ്പിൽ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് നല്കണമെന്ന് പരാമർശം 3 പ്രകാരം മുഖ്യ നഗരാസൂത്രകൻ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി. എസ് മീനകുമാരി വകുപ്പിൽ നിയമനത്തിനായി കാത്തുനിന്ന 01.04.2018 മുതൽ 29.04.2018 വരെയുള്ള കാലയളവ്, കെ.എസ്.ആർ പാർട്ട് I, ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ടൗൺ പ്ലാനർ തസ്തികയിൽ സേവനകാലമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാതു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രക, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി. എസ് മീനകുമാരി, ടൗൺപ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ. ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ